സിവിൽ സർവ്വീസ് ബോർഡ് രൂപീകരണം

9 (3640) ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സർവ്വീസ് ബോർഡ് രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഉദ്യോഗസ്ഥരുടെ സംരക്ഷണം ഉറപ്പാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ബോർഡിന്റെ പ്രവർത്തനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ ;

(ഡി) ബോർഡിന്റെ രൂപീകരണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) 5-5-2014-ലെ സ.ഉ.(കൈ) നമ്പർ 107/2014/പൊ.ഭ.വ. പ്രകാരം സംസ്ഥാനത്ത് സേവനമനുഷ്ഠിക്കുന്ന ഇൻഡ്യൻ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്, ഇൻഡ്യൻ ഫോറസ്റ്റ് സർവ്വീസ് ഉദ്യോഗസ്ഥർക്കുവേണ്ടി സിവിൽ സർവ്വീസ് ബോർഡുകൾ രൂപീകരിച്ചിട്ടുണ്ട്. മുൻ ക്യാബിനറ്റ് സെക്രട്ടറിയായിരുന്ന ശ്രീ. റ്റി. എസ്. ആർ. സുബ്രഹ്മണ്യനും മറ്റ് സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരും പ്രമുഖ വ്യക്തികളും ചേർന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഫയൽ ചെയ്ത 82/11, 234/11 എന്നീ റിട്ട് പെറ്റീഷനുകളുടെ അടിസ്ഥാനത്തിൽ കേന്ദ്രത്തിലും, എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും ഒരു സിവിൽ സർവ്വീസ് ബോർഡ് രൂപവൽക്കരിക്കണമെന്ന ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 31-10-2013-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് സേവനമനുഷ്ഠിക്കുന്ന ഐ.എ.എസ്., ഐ.എഫ്.എസ്. ഉദ്യോഗസ്ഥർക്കുവേണ്ടി സിവിൽ സർവ്വീസ് ബോർഡുകൾ രൂപവൽക്കരിച്ചത്.

(ബി-ഡി) ഐ.എ.എസ്., ഐ.എഫ്.എസ്. വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥരുടെ നിയമനത്തിനും സ്ഥലംമാറ്റത്തിനുമുള്ള ശിപാർശ നൽകേണ്ടത് പ്രസ്തുത സിവിൽ സർവ്വീസ് ബോർഡുകളാണ്. നിശ്ചിത മിനിമം കാലാവധിക്കുമുമ്പ് സ്ഥലം മാറ്റപ്പെടുന്നതിന് ശിപാർശ ചെയ്യപ്പെട്ട ഉദ്യോഗസ്ഥരുടെ കേസുകൾ സിവിൽ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സർവ്വീസ് ബോർഡിന് പരിശോധിക്കാവുന്നതാണ്. പ്രത്യേക സാഹചര്യങ്ങളിൽ നിശ്ചിത കാലാവധിക്കുമുമ്പ് ഉദ്യോഗസ്ഥരുടെ സ്ഥലം മാറ്റം സിവിൽ സർവ്വീസ് ബോർഡിനു പരിഗണിക്കാവുന്നതാണ്. നിശ്ചിത കാലാവധിക്കുമുമ്പ് സ്ഥലം മാറ്റേണ്ടതായുള്ള ഉദ്യോഗസ്ഥരുടെ പേരുവിവരങ്ങൾ കാര്യകാരണ സഹിതം ബന്ധപ്പെട്ട അധികാര സ്ഥാനത്തിന് സിവിൽ സർവ്വീസ് ബോർഡിന് ശുപാർശ ചെയ്യാവുന്നതാണ്. നിശ്ചിത കാലാവധി പൂർത്തിയാക്കുന്നതിനുമുമ്പ് ഒരു ഉദ്യോഗസ്ഥനെ സ്ഥലം മാറ്റുന്നതിന് ബന്ധപ്പെട്ട ഭരണ വകുപ്പിൽനിന്നും വിശദമായ ന്യായീകരണം സിവിൽ സർവ്വീസ് ബോർഡിന് തേടാവുന്നതാണ്. ഭരണ വകുപ്പിന്റെ വിശദീകരണത്തോടൊപ്പം വിശ്വസനീയമായ ഉറവിടങ്ങളിൽ നിന്നുള്ള വിശദാംശങ്ങളും സ്ഥലം മാറ്റത്തിന് ശുപാർശ ചെയ്യപ്പെട്ട ഉദ്യോഗസ്ഥന്റെ അഭിപ്രായങ്ങളും സിവിൽ സർവ്വീസ് ബോർഡിന് പരിഗണിക്കാവുന്നതാണ്. സിവിൽ സർവ്വീസ് ബോർഡിന് ബോദ്ധ്യപ്പെടാത്ത പക്ഷം കാലാവധി പൂർത്തിയാക്കുന്നതിന് മുൻപ് ഉദ്യോഗസ്ഥരെ സ്ഥലം മാറ്റാൻ സിവിൽ സർവ്വീസ് ബോർഡ് ശിപാർശ ചെയ്യാൻ പാടില്ല. കാലാവധി പൂർത്തിയാക്കുന്നതിന് മുമ്പ് സ്ഥലം മാറ്റപ്പെടുന്നതിന് ശിപാർശ ചെയ്യപ്പെട്ട ഉദ്യോഗസ്ഥരെ സംബന്ധിച്ച് വിശദാംശങ്ങൾ കാര്യകാരണ സഹിതം വ്യക്തമാക്കുന്ന വിശദമായ റിപ്പോർട്ട് മൂന്ന് മാസത്തിലൊരിക്കൽ കേന്ദ്ര സർക്കാരിന് സിവിൽ സർവ്വീസ് ബോർഡ് സമർപ്പിക്കേണ്ടതാണ്. എന്നാൽ ബന്ധപ്പെട്ട അധികാര സ്ഥാനത്തിന് കാര്യകാരണ സഹിതം രേഖാമൂലം രേഖപ്പെടുത്തിക്കൊണ്ട് സിവിൽ സർവ്വീസ് ബോർഡിന്റെ ശിപാർശ തള്ളിക്കളയാവുന്നതാണ്.

മൊബൈൽ ടവറുകളിൽനിന്നുള്ള വികിരണങ്ങൾ

10 (3641) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുടനീളം സ്ഥാപിച്ചിട്ടുള്ള മൊബൈൽ ടവറുകളിൽ നിന്നുള്ളതായി പറയപ്പെടുന്ന വികിരണങ്ങളെ സംബന്ധിച്ച് ജനങ്ങളിലുണ്ടായിട്ടുള്ള ആശങ്കകൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(ബി) സംസ്ഥാനത്ത് കൂടുതൽ മൊബൈൽ ടവറുകൾ സ്ഥാപിക്കുന്ന സ്ഥലങ്ങളിൽ ഇതുമൂലമുണ്ടാകുന്ന ആശങ്കകൾ ഗൗരവപൂർവ്വം പരിശോധിച്ചിട്ടുണ്ടോ ;